## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **2798** 14.12.2015-ൽ മറുപടിയ്ക്ക്

### ഗിരിവർഗ്ഗ വേടൻ സമുദായത്തെ പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുത്തുവാൻ നടപടി

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ.മോൻസ് ജോസഫ് | | ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും, വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | ഗിരിവർഗ്ഗ വേടൻ സമുദായത്തെ പട്ടികവർഗ്ഗമായി കണക്കാക്കുന്നതു സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; | (എ) | 'ഗിരിവർഗ്ഗ വേടൻ' സമുദായം സംസ്ഥാനത്തിന്റെ പട്ടികജാതി പട്ടികയിലോ, പട്ടികവർഗ്ഗ പട്ടികയിലോ ഉൾപ്പെട്ടിട്ടില്ല. എന്നാൽ സംസ്ഥാനത്തിന്റെ പട്ടികജാതി പട്ടികയിൽ ഉൾപ്പെട്ട 'വേടൻ' സമുദായത്തെ പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (ബി) | 1992-ലെ സർക്കാർ ഉത്തരവ് അനുസരിച്ച് പ്രസ്തുത സമുദായത്തിന് പട്ടികവർഗ്ഗ വിഭാഗ സർട്ടിഫിക്കറ്റ് നൽകുന്ന കാര്യം പരിഗണിക്കുമോ; പ്രസ്തുത വിഭാഗത്തിലെ കുട്ടികൾക്ക് പട്ടികവർഗ്ഗ വിഭാഗത്തിന് കിട്ടുന്ന ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; 1992-ലെ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ; | (ബി) | പരിഗണിക്കുവാൻ കഴിയില്ല. 05.05.1992-ലെ സ.ഉ(കൈയ്യെഴുത്ത്)നം.15/92/പജ.പവ.വി.വ-പ്രകാരം വേടൻ, വേട്ടുവൻ, കരിമ്പാലൻ, മാവിലൻ എന്നി സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പട്ടികജാതിക്കാർ എന്ന പരിഗണനയിൽ ലഭിക്കുന്ന ലംപ്സംഗ്രാന്റ് മുതലായ ആനുകൂല്യങ്ങൾക്ക പുറമെ പ്രത്യേക ആനുകൂല്യം എന്ന നിലയിൽ സ്റ്റൈപ്പന്റ് അനുവദിച്ച് നൽകിയിട്ടുണ്ട്. 1992-ലെ സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത സമുദായക്കാർ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളുടെ അടിസ്ഥാന സൗകര്യ വികസത്തിന് നടപടി സ്വീകരിക്കുമോ ? | (സി) | പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

പട്ടികവർഗ്ഗ വികസനം - വേടൻ, വേട്ടുവൻ, കരിമ്പാലൻ, മാവിലൻ എന്നീ പട്ടിക വർഗ്ഗ സ്വഭാവ വിശേഷങ്ങൾ പുലർത്തുന്ന സമുദായക്കാർക്ക് പ്രത്യേക വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ച് ഉത്തരവാകുന്നു.

---

*പട്ടികജാതി - പട്ടികവർഗ്ഗവികസന (ഇ) വകുപ്പ്*

*സ.ഉ (കൈയെഴുത്ത്) നം. 15/92/പജ. പവ.വി.വ തീയതി തിരുവനന്തപുരം 6.5.1952*

---

പരാമർശം - (1) 21.4.1990-ൽ കിർടാർഡ് ഡയറക്ടർ അയച്ച സി:705/04 നമ്പർ നരവംശ ശാസ്ത്ര റിപ്പോർട്ട്

(2) 19.11.1990-ലെ സ.ഉ (കൈയെഴുത്ത്) 67/90/ പജ.പവ.വിവ. നമ്പർ സർക്കാർ ഉത്തരവ്.

## ഉത്തരവ്

1976-ലെ 108-ാം നമ്പർ കേന്ദ്ര നിയമപ്രകാരം, (പട്ടികജാതി പട്ടികവർഗ്ഗ ഉത്തരവുകൾ (ഭേദഗതി) നിയമം - 1976, കേരളത്തിലെ പട്ടികജാതി ലിസ്റ്റിൽ 29-ാമതായി കരിമ്പാലൻ, 38-ാമതായി മാവിലൻ, 67-മതായി വേടൻ, 68-മതായി വേട്ടുവൻ എന്നീ സമുദായക്കാരെ പെടുത്തിയിരിക്കുന്നു. ഈ നാലു വിഭാഗക്കാരും പട്ടികവർഗ്ഗസ്വഭാവ വിശേഷങ്ങൾ വച്ചു പുലർത്തുന്നതിനാൽ പട്ടികവർഗ്ഗക്കാരായി പരിഗണിക്കാൻ അർഹരാണ്. ഇവരിൽ വേടൻ, വേട്ടുവൻ എന്നീ സമുദായക്കാർ ഇപ്പോൾ പട്ടികവർഗ്ഗ ലിസ്റ്റിൽ 22-മതായി ഉൾപ്പെടുത്തിയിരിക്കുന്ന മലൈവേടൻ സമുദായക്കാർ മറ്റു പേരുകളിൽ അറിയപ്പെടുന്നത് മാത്രമാണെന്നും വേടൻ, വേട്ടുവൻ എന്നീ സമുദായക്കാരും, മലൈവേടനോടൊപ്പം പട്ടികവർഗ്ഗ ലിസ്റ്റിൽ ചേർക്കപ്പെടാൻ അർഹരാണെന്നും, ഒന്നാമത് സൂചിപ്പിച്ച നരവംശ ശാസ്ത്ര റിപ്പോർട്ടിൽ കാര്യകാരണ സഹിതം വിശദീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ ലിസ്റ്റിൽ ചേർക്കാൻ അർഹരാണെന്ന കാരണത്താൽ പട്ടികവർഗ്ഗക്കാർക്ക് സാധാരണ ഗതിയിൽ ലഭ്യമാകുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള മറ്റർഹ സമുദായ ലിസ്റ്റിൽ (ഒ.ഇ.സി) കൂടി ചേർത്തിരുന്ന കരിമ്പാലൻ, മാവിലൻ എന്നീ സമുദായക്കാരെ, രണ്ടാമത് സൂചിപ്പിച്ച സർക്കാർ ഉത്തരവ് പ്രകാരം മറ്റ് അർഹ സമുദായങ്ങളിൽ നിന്ന് മാറ്റി, ഇപ്പോൾ അവർക്ക് പട്ടികജാതിക്കാർക്ക് അർഹമായ ആനുകൂല്യങ്ങൾ മാത്രമാണ് ലഭിക്കുന്നത്.

പട്ടികവർഗ്ഗ ലിസ്റ്റ് പുതുക്കുന്നത് പാസാക്കുന്ന നിയമമുഖേനയാണ്. അർഹരായ

[illegible] സ്റ്റൈപ്പന്റ് [illegible] എന്ന നിലയിൽ പ്രസ്തുത സമുദായത്തിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് താഴെപ്പറയുന്ന രീതിയിൽ സ്റ്റൈപെന്റ് അനുവദിച്ച് നൽകുന്നതിന് സർക്കാർ ഉത്തരവാകുന്നു.

| | | |
|---|---|---|
| 1 | പ്രൈമറി ക്ലാസ്സുകളിൽ (1,2,3,4) പഠിക്കുന്ന വേടൻ, വേട്ടുവൻ, കരിംപാലൻ, മാവിലൻ സമുദായ വിദ്യാർത്ഥികൾക്ക്. | പ്രതിമാസം പതിനാറ് രൂപ (16/രൂപ) വീതം) |
| 2. | അപ്പർ പ്രൈമറി ക്ലാസുകളിൽ (5,6,7) പഠിക്കുന്ന വേടൻ, വേട്ടുവൻ, കരിംപാലൻ, മാവിലൻ സമുദായ വിദ്യാർത്ഥികൾക്ക്. | പ്രതിമാസം ഇരുപത് രൂപ (20/രൂപ) വീതം) |
| 3 | ഹൈസ്കൂൾ ക്ലാസ്സുകളിൽ (8,9,10) പഠിക്കുന്ന വേടൻ, വേട്ടുവൻ, കരിംപാലൻ, മാവിലൻ സമുദായ വിദ്യാർത്ഥികൾക്ക് | പ്രതിമാസം ഇരുപത്തി അഞ്ച് രൂപ (25/രൂപ) വീതം) |

3. മേൽപറഞ്ഞ സ്റ്റൈപെന്റ്, ഇപ്പോൾ പട്ടികജാതിക്കാർ എന്ന പരിഗണനയിൽ ഈ വിഭാഗക്കാർക്ക് ലഭിക്കുന്ന ലംപ്സംഗ്രാന്റ് മുതലായ ആനുകൂല്യങ്ങൾക്ക് പുറമേയായിരിക്കും.

മേലുത്തരവായ സ്റ്റൈപെന്റ് നായാടി സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അനുവദിച്ച് നൽകുന്ന രീതിയിൽ തന്നെ വേടൻ, വേട്ടുവൻ, കരിംപാലൻ, മാവിലൻ സമുദായക്കാർക്കും നൽകേണ്ടതാണ്.

5. ഈ ഉത്തരവ് പ്രകാരം അനുവദിച്ച സ്റ്റൈപെന്റ്, പട്ടികജാതി വികസനവകുപ്പിൽ നിന്നും അർഹരായ വിദ്യാർത്ഥികൾക്ക് 1992 മാർച്ച് മാസം മുതൽ അനുവദിച്ച് നൽകാവുന്നതാണ്.

6. ഈ ഉത്തരവ് പ്രകാരമുള്ള ചെലവുകൾ "2225-01-277-99" എന്ന ബഡ്ജറ്റ് ശീർഷകത്തിൽ വകയിരുത്താവുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

എം.ജി.കെ.മൂർത്തി

കമ്മീഷണർ ആന്റ് സെക്രട്ടറി

ഡയറക്ടർ പട്ടികജാതി വികസന വകുപ്പ്

ഡയറക്ടർ പട്ടികവർഗ്ഗ വികസന വകുപ്പ്

ഡയറക്ടർ കിർടാർഡ്സ്, കോഴിക്കോട് - 17

അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ് & അക്കൌണ്ട്സ്)

എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർ മാർക്കും എല്ലാ ഐ.റ്റി.ഡി.പി. പ്രോജക്ട്/ ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാർക്കും — ഡയറക്ടർ മുഖേന

എല്ലാ ജില്ലാകലക്ടർമാർക്കും തഹസീൽദാർ മുതൽ മേല്പോട്ട് എല്ലാ റവന്യു ഉദ്യോഗസ്ഥൻ മാർക്കും — ജില്ലാ കളക്ടർ മുഖേന

പൊതുവിദ്യാഭ്യാസ ഡയറക്ടർ

ഡപ്യൂട്ടി ഡയറകടർ, പട്ടികജാതി പട്ടികവർഗ്ഗ വികസന കമ്മീഷൻ, "മീനാക്ഷി", വഴുതക്കാട്, തിരുവനന്തപുരം.

പൊതുവിദ്യാഭ്യാസ വകുപ്പ്

പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ/എ/വകുപ്പ്)

പബ്ളിക്കേഷൻസ് വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം അയക്കുന്നത്

സെക്ഷൻ ഓഫീസർ

Hemaprabha

സെക്ഷൻ ഓഫീസർ